29 (1672) ഒ.ഇ.സി.എഫ്. സഹായത്തോടെ കോഴിക്കോട് ശുദ്ധ ജല വിതരണ പദ്ധതി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി.എഫ്. സഹായത്തോടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ട ത്തിലാണ്;

(ബി) കൺസൾട്ടന്റിനെ നിശ്ചയിക്കുന്നത് സംബന്ധിച്ചുണ്ടായ തർക്ക ത്തിന്റെ പേരിൽ പദ്ധതി തന്നെ നഷ്ടപ്പെടുമെന്ന പരാതി സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതി നഷ്ടപ്പെടാതിരിക്കാൻ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഒ.ഇ.സി.എഫ്. സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കോഴിക്കോട് നഗരശുദ്ധജലവിതരണ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ ജോലികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി)&(സി) കൺസൾട്ടന്റിനെ നിയമിക്കുന്നതിനായി വീണ്ടും ആഗോ ളതലത്തിൽ ടെൻഡർ വിളിക്കുവാൻ തീരുമാനിക്കുകയും ഈ വിവരം കേന്ദ്ര ധനകാര്യ മന്ത്രാലയം വഴി ഒ.ഇ.സി. എഫിനെ അറിയിക്കുകയും ചെയ്തിട്ടു ണ്ട്. ഒ.ഇ.സി.എഫ്-ന്റെ പ്രതികരണം അറിവായിട്ടില്ല.

30 (1673) വർക്കലയിലെ ശുദ്ധജലവിതരണ പദ്ധതികൾ

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേ ചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിലും സമീപ പഞ്ചായത്തുകളിലും എത്ര ശുദ്ധജല വിതരണ പദ്ധതികൾക്ക് അനുവാദമുണ്ടെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ;

(ബി) വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ നടത്തിപ്പിൽ യാതൊരു പുരോഗതിയും ഇല്ലെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പദ്ധതി ഉടനെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു.

1. എൽ.ഐ.സി., ഹഡ്കോ എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന വർക്കലയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

2. രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ പ്രോഗ്രാമിൽ ഉൾപ്പെടുത്തി അംഗീകാരം കിട്ടിയിട്ടുള്ള ഇളകമൺ പഞ്ചായത്തിലെ ബാലുവിലപ്പുറം, മറ്റൂർ പഞ്ചായത്തിലെ വേലൻപൊയ്ക, മതിരക്കോട് വെട്ടൂർ പഞ്ചായത്തിലെ എസ്.എൻ ലക്ഷംവീട്കോളനി, ചെമ്മരത്തി പഞ്ചായത്തിലെ കോവൂർ എന്നീ പ്രദേശങ്ങളിലെ ശുദ്ധജല വിതരണ പദ്ധതികൾ.

3. പട്ടികജാതി - പട്ടികവർഗ്ഗ പരിപാടിയിൽ ഉൾപ്പെടുത്തി ചെറുണിയൂർ പഞ്ചായത്തിലെ കാരത്തല, ഇടവ പഞ്ചായത്തിലെ തോട്ടമുഖം എന്നീ ഹരിജൻ കോളനികളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.

ഇപ്പോഴത്തെ സ്ഥിതി

1. വർക്കല വാട്ടർ സപ്ലൈ സ്കീം പദ്ധതിയുടെ താഴെപ്പറയുന്ന പണികൾ നടന്നുവരുന്നു.

(എ) മെറ്റിക്കുളം സബ് മുതൽ രഘുരാഥപുരം ഉന്നതതല സംഭരണവരെ 400 മി.മീ. കാസ്റ്റ് അയൺ പമ്പിംഗ് മെയിൻ 30% പൂർത്തീകരിച്ചു.

(ബി) മുല്ലശ്ശേരിക്കുന്ന് പ്ലാന്റിൽ നിന്നും ആരംഭിക്കുന്ന 600 മീ. ട്രാൻസ്മിഷൻ മെയിൻ 20% പൂർത്തീകരിച്ചു.

(സി) പമ്പും, പമ്പുഹൗസും പൂർത്തീകരിച്ചു.

(ഡി) പരവൂർ പുഴക്കടവിൽ നിർമ്മിക്കുന്ന കിണറിന്റെ പണി 45% പൂർത്തീകരിച്ചു. ഈ പണി എടുത്തിരിക്കുന്ന കോൺട്രാക്ടർ പണി ചെയ്യാത്തതിനാൽ ഈ ജോലി ക്യാൻസൽ ചെയ്ത് പുതിയതായി ടെൻഡർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) രഘുരാമപുരത്ത് നിർമ്മിച്ചുവരുന്ന ടാങ്കിന്റെ പണി 45% പൂർത്തീകരിച്ചു.

(എഫ്) മുല്ലശ്ശേരിക്കുന്നിൽ സ്ഥാപിക്കുന്ന 19 ദശലക്ഷം ലിറ്റർ ശേഷിയുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് റീടെന്റർ ചെയ്തു.

(ജി) പരവൂർ പുഴക്കടവിൽ നിന്നും മുല്ലശ്ശേരിക്കുന്നിലേക്കുള്ള 500 മി.മീ. കാസ്റ്റ് അയൺ പമ്പിംഗ് മെയിനിന്റെ ജോലികൾ ഉടൻ ആരംഭിക്കുന്നതാണ്.

(എച്ച്) 500 മി.മീ. ട്രാൻസ്മിഷൻ മെഷീനിന്റെ ജോലി റീ-ടെൻഡർ ചെയ്ത് ഉടനെ ആരംഭിക്കുന്നതാണ്.

(ഐ) ജലവിതരണ ശൃംഖലയുടെ 40% ജോലികൾ പൂർത്തീകരിച്ചു.

ഈ പദ്ധതിക്കുവേണ്ടി ഇനി 12 കി.മീ. പൈപ്പുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി വരുന്ന ജലവിതരണ ശൃംഖലയുടെ പണി ആരംഭിക്കുന്നതാണ്.

2. രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ പ്രോഗ്രാമിൽ ഉൾപ്പെട്ട പദ്ധതികൾ.

പദ്ധതികളുടെ ജോലികൾ റീ ടെൻഡർ ചെയ്ത് ലഭിച്ച ടെൻഡറുകൾ പരിശോധിച്ചുവരുന്നു.

3. പട്ടികജാതി/പട്ടികവർഗ്ഗ പരിപാടിയിൽപ്പെട്ട പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

കാരത്തല വാട്ടർ സപ്ലൈ പദ്ധതി കമ്മിഷൻ ചെയ്തു. തോട്ടമുക്കം പദ്ധതിയിൽ 4/99.ൽ കമ്മീഷൻ ചെയ്യത്തക്കവണ്ണം നടപടി സ്വീകരിച്ചുവ രുന്നു.

(ബി) ഉണ്ട്. നിർമ്മാണ പ്രവർത്തനം നടന്നു വന്നിരുന്ന കിണർ, ടാങ്ക് എന്നിവയുടെ പണികൾ കരാറുകാർ ഉപേക്ഷിച്ചതും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെൻഡർ കരാറുകാർ ഉപേക്ഷിച്ചതും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെൻഡർ ക്യാൻസൽ ചെയ്തും ഇതിൽ ഉൾപ്പെട്ടിരുന്ന റാ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ എന്നിവയുടെ പണി കൾ റീ-ടെൻഡർ ചെയ്യേണ്ടിവന്നതും പദ്ധതിയുടെ പുരോഗതിയെ ബാധി ച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ജോലികൾ നടപ്പാക്കാൻ വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

31 (1674) വണ്ടൂർ പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ നിലവിലുള്ള ടാങ്ക് വികസിപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാ റാക്കിയിട്ടുണ്ടോ;

(ബി) ടാങ്ക് എവിടെ നിർമ്മിക്കാനാണ് പ്രൊപ്പോസൽ നിലവിലുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) ടാങ്ക് നിർമ്മാണത്തിന് വണ്ടൂർ യത്തീംഖാന സൗജന്യമായി സ്ഥലം നൽകാമെന്ന് സമ്മതിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ഡി) ടാങ്ക് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇവിടത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വണ്ടൂർ യത്തീംഖാന കോമ്പൗണ്ടിൽ.

(സി) ടാങ്ക് നിർമ്മാണത്തിന് യത്തീംഖാന സൗജന്യമായി സ്ഥലം നൽകാമെന്നുള്ള സമ്മതം രേഖാമൂലം ലഭിച്ചിട്ടില്ല.

(ഡി) സ്വീകരിച്ചുവരുന്നു.

(ഇ) മോട്ടോർ പമ്പ്സെറ്റ് 50 എച്ച്.പി. രണ്ടെണ്ണം മാറ്റുന്നതിനും പമ്പിംഗ് മെയിൻ 2750 മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനും വാർഡ് 1, 2 ലേയ്ക്ക് 11000 മീറ്റർ പൈപ്പ്ലൈൻ നീട്ടുന്നതിനുംവേണ്ടിയുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly